C 12801/
5/3/11

**കേരള സർക്കാർ**
**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - ഗാർഹികാതിക്രമങ്ങൾ ഉൾപ്പെടെ പീഡനത്തിനിരയായ വനിതകളുടെ പുനരധിവാസ പദ്ധതി - ധനസഹായത്തിന് അർഹതയ്ക്കുള്ള വരുമാന പരിധിയിൽ മാറ്റം വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ (എം.എസ്) നം. 21/2015/സാനീവ** **തീയതി, തിരുവനന്തപുരം, 28.03.2015**

---

പരാമർശം: (1) 24.11.2011 ലെ സ.ഉ (സാധാ)നം. 427/2011/സാക്ഷേവ
(2) സാമൂഹ്യനീതി ഡയറക്ടറുടെ 17.09.2014 ലെയും 02.03.2015 ലെയും സി 2-25355/2014 നമ്പർ കത്തുകൾ.

**ഉത്തരവ്**

ഗാർഹിക അതിക്രമങ്ങൾ ഉൾപ്പെടെ വിവിധ തരത്തിലുള്ള പീഡനത്തിനിരയായ വനിതകളുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി ഒരു പദ്ധതി ആവിഷ്ക്കരിച്ചും ആയതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നിഷ്കർഷിച്ചും സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ അപേക്ഷയോടൊപ്പം ബി.പി.എൽ സർട്ടിഫിക്കറ്റും സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

2. സാമ്പത്തിക സ്ഥിതി മാനദണ്ഡമാക്കാത്ത പക്ഷം അർഹതപ്പെട്ടവർക്ക് യഥാസമയം സഹായം ലഭ്യമാകാത്ത സാഹചര്യം ഉണ്ടാകുമെന്നതിനാൽ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വിവിധ ധനസഹായ പദ്ധതികൾ നിലവിൽ ബി.പിഎൽ വിഭാഗത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിൽ നിന്നും തീർത്തും വ്യത്യസ്തമാണ് ഗാർഹിക പീഡനത്തിനിരയാകുന്ന വനിതകളുടെ വിഷയമെന്നും മിക്ക കേസുകളിലും മറ്റ് വരുമാന മാർഗ്ഗമില്ലാത്തവരും, കുട്ടികളുടെ സംരക്ഷണം ഉൾപ്പെടെയുള്ള കുടുംബ ചുമതലകൾ ഏറ്റെടുക്കേണ്ടിവരുന്നവരാണ് ഇവരെന്നും കൂടാതെ നിയമസഹായം ലഭ്യമാകുന്നതിലെ കാലതാമസവും പരിഗണിക്കുമ്പോൾ ഗാർഹിക പീഡനത്തിന് വിധേയരാകുന്ന വനിതകൾക്ക് പലപ്പോഴും ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടില്ലായെന്ന കാരണത്താൽ ജീവിതത്തിന് അനിവാര്യമായ ധനസഹായം ലഭിക്കാത്ത സാഹചര്യമാണ് നിലനിൽക്കുന്നതെന്നതിനാൽ ഇവരുടെ കാര്യത്തിൽ വാർഷിക കുടുംബ വരുമാന പരിധി എന്നത് ഒഴിവാക്കി ഗാർഹിക പീഡനത്തിനിരയാകുന്ന വനിതയുടെ മാത്രം വാർഷിക വരുമാന പരിധി നിലവിലെ സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ വരുമാന പരിധിയായ ഒരു ലക്ഷം രൂപയായി നിജപ്പെടുത്താവുന്നതാണെന്ന് പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗാർഹിക അതിക്രമങ്ങൾ ഉൾപ്പെടെ വിവിധ തരത്തിലുള്ള പീഡനത്തിനിരയായ വനിതകളുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി ധനസഹായത്തിന് അർഹതക്കുള്ള വരുമാന പരിധിയായി ടി വനിതകളുടെ മാത്രം വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയായി നിജപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ലീലാമണി.കെ.എം.
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.